## പി.എഫ് മാത്യൂസ്

ലാന സാഹിത്യസമ്മേളനത്തിന് കാത്തിരിക്കുന്ന അമേരിക്കയിലെ സർഗ്ഗാത്മകപ്രതിഭകൾക്കിടയിലേക്ക് മലയാളമണ്ണിൽ നിന്നും മലയാളഭാഷയുടെ കരുത്തുമായി നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയ പ്രശസ്ത സാഹിത്യകാരൻ ശ്രീ.പി.എഫ്.മാത്യൂസ് എത്തുന്നു.
കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകാരൻ എന്നീ നിലയിൽ അദ്ദേഹത്തിന്റെ സംഭാവനകളും പുരസ്കാര ങ്ങളും:
2010-ൽ നാഷ്ണൽ ഫിലിം അവാർഡ്- ഏറ്റവും മികച്ച തിരക്കഥ (കുട്ടിസ്രാങ്ക്)
1991-ൽ കേരളസ്റ്റേറ്റ് ടെലിവിഷൻ അവാർഡ്-ഏറ്റവും മികച്ച തിരക്കഥ (ശരറാന്തൽ)
1993-ൽ കേരളസ്റ്റേറ്റ് ടെലിവിഷൻ അവാർഡ്- ഏറ്റവും മികച്ച തിരക്കഥ (മിഖായേലിന്റെ സന്തതികൾ)
1993-ൽ നാഷ്ണൽ ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഇൻഡ്യ പ്രൈസ് അവാർഡ് -മികച്ച തിര ക്കഥ (നാട്ടുകാര്യം)
1996-ൽ എസ്.ബി.ടിയുടെ നോവൽ അവാർഡ് (ചാവുനിലം)
1999-ൽ കെ.സി.ബി.സിയുടെ യുവപുരസ്കാരം- സാഹിത്യത്തിനുള്ള സമഗ്രസംഭാവന.
റിലീസായ മാത്യൂസിന്റെ സിനിമകൾ:
പുത്രൻ, തന്ത്രം, കുട്ടിസ്രാങ്ക്
ഇപ്പോൾ ലിജോ പെല്ലിശ്ശേരിയുടെ പുതിയ സിനിമ(ഈ.മ.യൗ) ഷൂട്ടിംഗ് നടന്നുകൊണ്ടിരിക്കുന്നു.
ലാന സമ്മേളനത്തിലേക്ക് ശ്രീ.പി.എഫ്.മാത്യൂസിനെ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു, വിജയാശംസ കൾ നേരുന്നു.

## പി.വത്സല

ലാന സാഹിത്യസമ്മേളനത്തിന് കാത്തിരിക്കുന്ന അമേരിക്കയിലെ സർഗ്ഗാത്മകപ്രതിഭകൾക്കിടയിലേക്ക് മലയാളമണ്ണിൽ നിന്നും മലയാളഭാഷയുടെ കരുത്തുമായി നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയ പ്രശസ്ത സാഹിത്യകാരി പി.വത്സല എത്തുന്നു.

**പി.വത്സലയ്ക്ക് ലഭിച്ച പുരസ്കാരങ്ങൾ:**
1. നെല്ല് -കുങ്കുമം അവാർഡ്
2. നിഴലുറങ്ങാത്ത വഴികൾ - കേരളസാഹിത്യ അക്കാദമി അവാർഡ്
3. പങ്കരു പുഷ്പത്തിന്റെ തേൻ - കഥാഅവാർഡ് ന്യൂഡെൽഹി
4. ചാവേർ - സി.എച്ച്.മുഹമ്മദ്കോയ അവാർഡ്
5. വിലാപം - രാജീവ് ഗാന്ധി സദ്ഭാവന അവാർഡ്, സുജാത അവാർഡ്
6. പുലിക്കുട്ടൻ - ചിൽഡ്രൻസ് ലിറ്ററേച്ചർ അവാർഡ്
7. ആരണ്യകം - അബുദാബി ശക്തി അവാർഡ്
8. സമഗ്രസാഹിത്യസംഭാവന - പത്മപ്രഭാപുരസ്കാരം

കൂടാതെ ലളിതാംബിക അന്തർജ്ജനം പുരസ്കാരം, ബാലാമണിയമ്മ പുരസ്കാരം, ബാലസാഹിത്യപുര സ്കാരം, എസ്.പി.സി.എസ് അക്ഷരഅവാർഡ്, ഒ.ചന്തുമേനോൻ അവാർഡ്, മയിൽപ്പീലി അവാർഡ്, സമ ഗ്രസംഭാവന-കേരളസാഹിത്യഅക്കാദമി അവാർഡ്

പി.വത്സല സാഹിത്യ അക്കാദമി ചെയർപേഴ്സൺ പദവിയും കയ്യാളിയ വ്യക്തിയാണ്. കുങ്കുമം അവാർഡിലൂടെ മലയാളസാഹിത്യത്തിലേക്ക് ആദിവാസികളുടെ പ്രശ്നങ്ങളുമായി നെല്ല് എന്ന നോവലി ലൂടെ കടന്നുവന്നു. പി.വത്സല നല്ലൊരു ആക്ടിവിസ്റ്റ്കൂടിയാണ്. നിരവധി കഥകളും നോവലുകളും മല യാളഭാഷയ്ക്ക് സമ്മാനിച്ച് വത്സല ഇപ്പോഴും സർഗ്ഗാത്മകപ്രവർത്തനവുമായി മുന്നോട്ടുപോകുന്നു.
അമേരിക്കയുടെ മണ്ണിൽ മലയാളത്തിന്റെ സർഗ്ഗഭാവനകൾ ചിറകുവിടർത്തുന്ന ലാനാ സാഹിത്യസമ്മേളന ത്തിൽ ഒക്ടോബർ 6,7,8 തീയതികളിൽ ശ്രീമതി പി.വത്സല പങ്കെടുക്കുന്നത് മലയാളിക്ക് അഭിമാനം നൽകുന്നു.